マラヤーラム語/ മലയാളം (Malayāḷaṁ)

റഷ്യയുടെ യുക്രൈൻ അധിനിവേശത്തിനെതിരെ ശക്തമായ പ്രതിഷേധം രേഖപെടുത്തുന്നു.

04 Mar 2022

യുക്രൈനിലെ റഷ്യൻ സൈനിക ആക്രമണത്തെ ശക്തമായി എതിർക്കുകയും റഷ്യ ആക്രമണം ഉടനടി നിരുപാധികം പിൻവലിക്കുകയും കൈയേറ്റം നടത്തിയ സ്ഥലങ്ങളിൽ നിന്നും പിൻവാങ്ങണമെന്നും ആവശ്യപ്പെടുന്നു.
സമീപകാലത്ത് ഭാഷകൊണ്ട് ഒരാശയത്തെക്കുറിച്ച് പറയാൻ ശ്രമിച്ചാൽ അത് മന:പൂർവ്വം തെറ്റായ രീതിയിൽ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്ന കാലമാണിത്. എങ്കിലും ഭാഷയെക്കുറിച്ച് പഠനം നടത്തുന്നവർ എന്ന നിലയ്ക്ക് ഞങ്ങളുടെ അഭിപ്രായം വ്യക്തമാക്കാതെ വയ്യ.

പേനയ്ക്ക് വാളിനേക്കാൾ മൂർച്ചയുണ്ടെന്നാണെല്ലോ. ഭാഷകളുടെ സാമ്യതകുളടേയും വ്യത്യാസങ്ങളുടേയും പേരിൽ ചരിത്രത്തിൽ വിവിധ യുദ്ധങ്ങൾ നടന്നിട്ടുണ്ട്. യുദ്ധത്തിന്റെ കഠിനമായ വേദന അനുഭവിച്ച ലോകസമൂഹം ഭാഷയുടെയും സംസ്കാരത്തിന്റെയും പേരിൽ നടക്കുന്ന കലാപത്തെ അഹിംസയിലൂടെ പരിഹരിക്കുവാനുള്ള സംവിധാനങ്ങൾ നിർമിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന യുക്രൈനിലെ റഷ്യയുടെ സൈനിക അധിനിവേശം ചരിത്രത്തിന്റെ ആ ഒഴുക്കിന് തടസ്സമാണ്.

സൈനിക അധിനിവേശത്തിൽ കൊല്ലപ്പെട്ടവർക്ക് ഹൃദയംഗമമായ അനുശോചനം അർപ്പിക്കുകയും സൈന്യഅധിനിവേശത്തിനെതിരെ ശബ്ദമുയർത്തുന്ന എല്ലാവർക്കും ഞങ്ങളുടെ ഐക്യം പ്രഖ്യാപിക്കുന്നു. അതേസമയം റഷ്യൻ ജനതയെകുറിച്ചുള്ള അപകീർത്തികരമായ പ്രസ്താവനകൾക്കെതിരെയും ശക്തമായ എതിർപ്പു രേഖപെടുത്തുന്നു.

ലോകത്തെ ഏതൊരു വിവാദവും സംഭാഷണം അഥവാ അഹിംസയുടെ സംവിധാനങ്ങൾ മുഖേനയാണ് പരിഹാരം കണ്ടെത്തേണ്ടത് .

തഗൈൻഗൊ ശകായി കെൻക്യൂകൈ / തഗൈൻഗൊക ഗെൻശോ കെൻക്യൂകൈ / കൊതൊഭ തൊ ശകായി
എഡിറ്റർസ്